3

# പിതാവായ ദൈവം ആര്?

*ദൈവം.* അവനേക്കാൾ ഉയർന്ന വ്യക്തിയോ വസ്തുവോ ഇല്ല. അവന്നു മാത്രമാണ് മുഴുവൻ അധികാരവും ഉള്ളത്. അവൻ എല്ലാവരിലും ഉപരിയാണ്.

മനുഷ്യൻ, മനുഷ്യനിർമ്മിതമായ ആശയത്താൽ കല്ല്, മണ്ണ്, മരം എന്നിവകൊണ്ട് ഉണ്ടാക്കപ്പെട്ട വസ്തുക്കളെ ആരാധിക്കരുത്. ഒരാൾക്കു മാത്രം ശരിയായി ഉപയോഗിക്കാവുന്ന വാക്കാണ് "ദൈവം." ഒരാൾ മാത്രമാണ് ദൈവം; എല്ലാ സത്യാരാധനയുടേയും വസ്തു അവൻ മാത്രമാണ്. ആരാധന, അറിയപ്പെടുന്ന, ജീവനുള്ളവയേയോ, ജീവനില്ലാത്ത രൂപങ്ങളെയുമോ ആക്കിയാൽ, അതു തെറ്റായ ആരാധനയാകുന്നു.

ദൈവത്തിന് കൊടുക്കേണ്ട ആദരവിനെ നാം ചുരുങ്ങിയ വാക്കുകളിൽ വിശദീകരിക്കാൻ ആഗ്രഹിച്ചാൽ, 1 തിമൊഥെയൊസ് 1:17: ലളിതമായ വിശദീകരണം ഒന്നും കാണാൻ കഴിയുകയില്ല: "... നിത്യരാജാവായി, അക്ഷയനും, അദൃശ്യനുമായ ഏകദൈവത്തിന്, എന്നെന്നേക്കും ബഹുമാനവും മഹത്വവും. ആമേൻ." പുരാതന ഇസ്രായേൽ ആവർത്തിച്ചു പറഞ്ഞ ഒരു പ്രസ്താവനയിൽ ദൈവത്തെക്കുറിച്ചുള്ള സത്യം ചുരുക്കിയിരിക്കുന്നു: "... യഹോവ നമ്മുടെ ദൈവമാകുന്നു, യഹോവ ഏകൻ തന്നെ! നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുക" (ആവർത്തനപുസ്തകം 6:4, 5). ദൈവം ആരാണ് എന്ന് വെളിച്ചത്തിൽ, യേശു എല്ലാ ഹൃദയങ്ങളിലേക്കും വെളിച്ചം വീശുന്നുണ്ട്: "നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ" (മത്തായി 4:10).

തിരുവെഴുത്തിൽ പറയുന്ന സത്യദൈവം സ്വഭാവത്തിൽ "മൂന്ന്" ആണ്. അത്, അവൻ ഏകനാണ്, എങ്കിലും അവൻ മൂന്നാണ് - പിതാവായ ദൈവം; പുത്രനായ ദൈവം; പരിശുദ്ധാത്മാവായ ദൈവം. ദൈവികത്വത്തിലെ ഈ മൂന്ന് വ്യക്തികളും പരസ്പരം തുല്യരാണ്, നിത്യവുമാണ്. ഓരോരുത്തരും വ്യത്യസ്ത വ്യക്തിത്വങ്ങൾ അസാധാരണ ബുദ്ധിയും, വികാരവും, ഇഷ്ടവും ഉള്ളവരാണ്; എങ്കിലും, ഈ മൂന്ന് പേരും ഉദ്ദേശത്തിലും സത്തയിലും ഒന്നുതന്നെ.

ഈ ദൈവം ഒന്ന് എങ്കിലും മൂന്ന് എന്ന ആശയത്തെ വിളിച്ചിരിക്കുന്നത് ദൈവികത്വമെന്നാണ് (പ്രവൃത്തി 17:29; റോമർ 1:20; കൊലൊസ്യർ 2:9).[1] മനുഷ്യമനസ്സിലാക്കലിന് അപ്പുറമാണ് ഈ വലിയ സത്യം - എന്നാൽ നമ്മുടെ വിശ്വാസത്തിന് അപ്പുറമല്ല, അത് ദൈവവചനത്തിൽ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. നാം വിശ്വാസത്താൽ അത് സ്വീകരിക്കയും, ഊഹിക്കുന്നതുകൊണ്ടല്ല, അത് ശരിയായിരിക്കാം എന്ന് വിവരിച്ചതുകൊണ്ടുമല്ല നമുക്കു ചുറ്റുമുള്ള ലോകത്തിൽ നിന്ന് ഈ സത്യം നാം പഠിച്ചതുമല്ല. ഈ സത്യം നാം സ്വീകരിച്ചതും വിശ്വസിച്ചതും ദൈവശ്വാസീയ തിരുവെഴുത്തുകളിൽ നമുക്ക് നല്കപ്പെട്ടതുകൊണ്ടാണ്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ദൈവിക ആശയം തിരുവെഴുത്തിൽ നേരിട്ട് വിശദീകരിച്ചതല്ല, എന്നാൽ അന്തർലീനമാക്കിയതാണ്. പഴയ നിയമത്തിൽ ദൈവികത്വമെന്ന ആശയം ഉൾപ്പെടുത്തിയത് ദൈവിക പേരുകളിൽ തന്നെ ആണ്, അതാണ് എബ്രായ ബഹുവചന വാക്കായ "എലോഹി," പഴയനിയമത്തിന്റെ എഴുത്തുകൾ ദൈവത്തെ സംബന്ധിച്ചു പറയുമ്പോൾ ബഹുവചന സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത് - ഉദാഹരണമായി ഉല്പത്തി 1:26, ഇവിടെ പറയുന്നു, "നമ്മുടെ സ്വരൂപത്തിൽ മനുഷ്യനെ ഉണ്ടാക്കാം, ... ."[2]

പുതിയ നിയമത്തിൽ മൂന്ന് പേരുള്ള ദൈവികത്വത്തെ നാം വായിക്കുന്നുണ്ട്, യേശു സ്നാനമേറ്റപ്പോൾ പരിശുദ്ധാത്മാവ് പ്രാവ് എന്നപോലെ അവന്റെ മേൽ വരികയും, പിതാവ് പ്രഖ്യാപിക്കുകയും ചെയ്തു, "ഇവൻ എന്റെ പ്രിയ പുത്രൻ, ..." (മത്തായി 3:17). കർത്താവ് ശിക്ഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ അയക്കുമെന്ന് വാഗ്ദാനം ചെയ്തപ്പോൾ അവൻ ആത്മാവിനെ സൂചിപ്പിച്ച് ദൈവത്തേയും നമ്മേയും അറിയുന്നു: "*ഞാൻ പിതാവിന്റെ* അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള *കാര്യസ്ഥനായി* പിതാവിന്റെ അടു

ക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അത് *എന്നെ* ക്കുറിച്ച് സാക്ഷ്യം പറയും" (യോഹന്നാൻ 15:26; എംഫസിസ് മൈൻ).

മനുഷ്യനെ വീണ്ടെടുക്കുന്ന പ്രവൃത്തികളിൽ ദൈവികത്വ ത്തിലെ മൂന്ന് പേരുകൾ ഏർപ്പെടുന്നു. പത്രോസ് എഴുതി, "*പിതാ വായ ദൈവത്തിന്റെ* മുന്നറിവിനൊത്തവണ്ണം *ആത്മാവിന്റെ* വിശു ദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും *യേശു ക്രിസ്തു വിന്റെ* രക്തത്താൽ തളിക്കപ്പെടുവാനുമായി: ..." (1 പത്രോസ് 1:2; എംഫസിസ് മൈൻ). പ്രാർത്ഥനയിൽ ഒരാൾ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ ദൈവികത്വം കാണുവാൻ കഴിയുന്നു, പൗലോസ് പറഞ്ഞു, "*യേശു* മുഖാന്തരം നമുക്ക് ഇരുപക്ഷ ക്കാർക്കും *ഏകാത്മാവിനാൽ* പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്" (എഫേസ്യർ 2:18; എംഫസിസ് മൈൻ).

മഹത്തായ ആജ്ഞയിൽ സ്നാനം നടത്തേണ്ടത് ത്രിത്വത്തിന്റെ പേരിലാണെന്ന് പറഞ്ഞിരിക്കുന്നു: "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും, നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ; തക്കവണ്ണം ഉപ ദേശിച്ചും കൊണ്ടും സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ ഞാനോ, ലോകാവസാനത്തോളം എല്ലാ നാളും, നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു" (മത്തായി 28:19, 20).

ബൈബിളിൽ ഉടനീളം, പിതാവായ ദൈവം എല്ലായിപ്പോഴും വ്യക്തിപരമായ പുല്ലിംഗനാമത്തിൽ ("അവൻ") സൂചിപ്പിച്ചിട്ടുണ്ട്. അവൻ പിതാവാണ്, സൃഷ്ടികർത്താവാണ്, യഹോവ, സർവ്വശ ക്തനും ദൈവമായ യഹോവയുമാണ്. അവൻ മൂന്ന് അംഗങ്ങളുള്ള ദൈവികത്വത്തിൽ എല്ലായിപ്പോഴും ആദ്യം നില്ക്കുന്നു. ജ്ഞാന ത്തിൽ, ശക്തിയിൽ, സ്നേഹത്തിൽ, കരുണയിലും, നീതിയിലും അവനെ ബൈബിളിൽ ഉയർത്തി കാണിച്ചിരിക്കുന്നു. പ്രപഞ്ചത്തെ പദ്ധതി തയ്യാറാക്കുകയും രൂപപ്പെടുത്തുകയും, സൃഷ്ടിക്കുകയും ചെയ്തവനാണ്. എല്ലാ ശക്തികളേയും അധികാരങ്ങളേയും വാഴുന്ന പരമോന്നതനും ഉന്നത അധികാരിയുമാണ്. തന്നെ അനു സരിക്കയും ആരാധിക്കയും ചെയ്യുന്നവരുടെ പിതാവാണ് അവ നിൽ മനുഷ്യരടക്കം, സകലജീവജന്തുക്കളും ചലിക്കയും ഇരി ക്കയും ചെയ്യുന്നു (പ്രവൃത്തികൾ 17:28).

ദൈവം എല്ലാ ദേശത്തിനും എല്ലാ ഗോത്രത്തിനും എല്ലാവരും ആരാധിക്കേണ്ട ഏക സത്യദൈവമാണ്. യേശുക്രിസ്തു മൂലം

മാത്രമേ പ്രവേശനമുള്ളൂ. നമുക്ക് ദൂതന്മാർ, വിശുദ്ധന്മാർ, അല്ലെങ്കിൽ ജീവനുള്ളതും മരിച്ചതുമായ - എത്ര നല്ലവരായിരുന്നാലും അവർ മുഖേന അവന്റെ അടുക്കൽ പ്രവേശിക്കാവുന്നതല്ല. ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള യഥാർത്ഥ മധ്യസ്ഥൻ അവന്റെ പുത്രനായ, യേശുമാത്രമാണ് (1 തിമൊഥെയോസ് 2:5). പിതാവിങ്കലേക്കുള്ള പ്രവേശനത്തിന് മനുഷ്യർക്കുള്ള ഏക വഴി യേശു മാത്രമാണ്. അവൻ പറഞ്ഞു, "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ പ്രവേശിക്കുന്നില്ല" (യോഹന്നാൻ 14:6).

ദൈവികത്വത്തിലെ രണ്ടാമത്തെ അംഗമാണ് കർത്താവ് യേശുക്രിസ്തു. അവൻ മുഖാന്തരം പിതാവായ ദൈവം മനുഷ്യരേയും ഭൂമിയേയും സൃഷ്ടിച്ചു (കൊലൊസ്യർ 1:16). മനുഷ്യനുമായുള്ള അവന്റെ ബന്ധത്തിൽ, യേശുവിനെ വിളിച്ചിരിക്കുന്നത് "മനുഷ്യപുത്രൻ" എന്നാണ്; ദൈവവുമായ അവന്റെ ബന്ധത്തിൽ അവനെ വിളിച്ചിരിക്കുന്നത്, "ദൈവപുത്രൻ" എന്നാണ്. ദൈവികത്വത്തിലെ അംഗമായ അവൻ മാത്രമാണ് ഭൂമിയിൽ മനുഷ്യശരീരമെടുത്ത് വസിച്ചത്. അവൻ മനുഷ്യന്റെ രക്ഷകനുമാണ്. അവൻ എല്ലാവരാലും ആദരിക്കപ്പെടേണ്ടവനും ആരാധിക്കപ്പെടേണ്ടവനുമാണ്. ഭൂമിക്ക് മുഴുവനും പിതാവിനെ ആരാധിക്കുവാനുള്ള മാർഗ്ഗം അവൻ ഒരുക്കി.

> അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യേണ്ടിവരും (ഫിലിപ്പിയൻസ് 2:9–11).

ദൈവികത്വത്തിലെ മൂന്നാമത്തെ അംഗം പരിശുദ്ധാത്മാവാണ്. അവന് ദൈവത്തിന്റേയും ക്രിസ്തുവിന്റേയും അതേ സ്വഭാവവും കുറവ് - തീർക്കലും ആണ് ഉള്ളത്. അവരെപോലെ, ഏകവചന സർവ്വനാമങ്ങളിലും, പുല്ലിംഗനാമങ്ങളിലുമാണ് എല്ലായിപ്പോഴും അവൻ അറിയപ്പെടുന്നത് ("അവൻ"). ദൈവികത്വത്തിലെ മറ്റ് രണ്ട് വ്യക്തിത്വങ്ങളും ആയുള്ള ബന്ധത്തിൽ അവൻ എപ്പോഴും മൂന്നാ

മതായി ആണ് വരുന്നത്. മനുഷ്യനെ സഹായിക്കുന്നവനും നിർദ്ദേശിക്കുന്നവനുമായിട്ടാണ് പുതിയനിയമത്തിൽ അവനെ പറഞ്ഞിരിക്കുന്നത്. വചനം മുഖാന്തരം അവൻ നമ്മുടെ കാര്യസ്ഥനാണ്. അവൻ പഴയതും പുതിയതുമായ നിയമങ്ങൾ ശാസ്ത്രീയമായി എഴുതുവാൻ ഇടയാക്കി; അതുകൊണ്ട്, തിരുവെഴുത്തുകളെ "ആത്മാവിന്റെ വാൾ" എന്ന് വിളിച്ചിരിക്കുന്നു (എഫേസ്യർ 6:17), ആ ഉപകരണമാണ് തന്റെ പ്രവൃത്തിക്ക് അവൻ വിനിയോഗിക്കുന്നത്. ദൈവമക്കളായി തീർന്നവരിൽ അവൻ വസിക്കുന്നു (ജീവിക്കുന്നു) (1 കൊരിന്ത്യർ 6:19, 20).

ഈ മൂന്നുപേരും ഒരുമിച്ച് നിത്യമായി ദൈവികത്വത്തെ നിലനിർത്തുന്നു. അവരെക്കുറിച്ച് നമുക്ക് അറിയാത്ത ധാരാളം കാര്യങ്ങൾ ഉണ്ട്, എന്നാൽ ഓരോരുത്തരും നിലനില്ക്കുകയും എല്ലാ ത്രിത്വവും മഹത്വപരമാക്കുന്നു. അവർ യോജിച്ച് ഒന്നായിരിക്കുന്നു. അവർ അനന്യരും, വെവ്വേറെ മറ്റു സൃഷ്ടികളിൽ നിന്ന് പ്രത്യേകതയുള്ളവരെങ്കിലും ഇഷ്ടത്തിലും, ഉദ്ദേശത്തിലും അവർ ഒന്നാണ്.

മൂന്ന് വ്യക്തികളായ ദൈവ സ്വഭാവത്തിന് ഉത്തരമായ കർത്താവായ ദൈവത്തെക്കുറിച്ച് നമുക്ക് മറ്റെന്തറിയാം? അടിസ്ഥാനപരമായി, അവനെക്കുറിച്ച് ഒരുവലിയ സത്യം, ബൈബിൾ പഠിപ്പിക്കുന്നു: *അവൻ മാത്രമാണ് ഏക സത്യ ദൈവം, എല്ലാവരും അവനെ ആരാധിക്കുവിൻ.* ശക്തമായി പഠിപ്പിച്ചിരിക്കുന്ന ഈ സത്യത്തെ കാണാതെ, പഴയ നിയമത്തിലേയോ പുതിയ നിയമത്തിലേയോ ഒരു ഭാഗവും ആർക്കും വായിക്കാവുന്നതല്ല.

നിങ്ങൾക്ക് വീണ്ടും "പിതാവായ ദൈവം ആർ?" എന്ന ചോദ്യം നോക്കാം.

## നമ്മുടെ സൃഷ്ടി കർത്താവ്

ദൈവം എന്താണ് സൃഷ്ടിച്ചത്, അവൻ എല്ലാം ഉണ്ടാക്കുകയും എല്ലാറ്റിന്റേയും ഉടയവൻ ആകുകയും ചെയ്തു. അവൻ ഉണ്ടാക്കുകയോ ഉണ്ടാക്കാൻ അനുവദിക്കുകയോ ചെയ്യാത്തതൊന്നും നിലവിലില്ല.

ഭൂമിയും മനുഷ്യരും യാദൃശ്ചികമായി ഉണ്ടായതല്ല; ദൈവത്തിന്റെ മഹത്തായ കരങ്ങളാൽ ഉണ്ടാക്കപ്പെട്ടതാണ്. അതുകൊണ്ടാണ് ശാസ്ത്രം ഭൂമിയുടെ കാലദൈർഘ്യത്തെക്കുറിച്ചു പറയുമ്പോൾ നാം പരിഭ്രമിക്കേണ്ട ആവശ്യം ഇല്ലാത്തത്. ലോകത്തിന്

അത്ഭുതാവഹമായ ഒരു ആരംഭം ഉണ്ടായിരുന്നു; അങ്ങനെ അത് കാണുന്നതിനേക്കാൾ പഴക്കമുള്ളതായിരിക്കണം. ദൈവം സൃഷ്ടിച്ചത്, ഒരു പരിധിവരെ, പക്വതയുള്ള ഭൂമിയാണ്. അവൻ മനുഷ്യനെ വിഡ്ഢിയാക്കാൻ ശ്രമിച്ചില്ല, മനുഷ്യന്റെ നിലനില്പിന് പൂർണ്ണ - വളർച്ചയുള്ള ഭൂമിയാണ് നല്കിയത്.

അവൻ ആദ്യ ദമ്പതികളായ, ആദാമിനേയും ഹവ്വയേയും ശിശുക്കളായിട്ടല്ല, പ്രായപൂർത്തിയായവരായാണ് സൃഷ്ടിച്ചത്. അവരെ സൃഷ്ടിച്ചപ്പോൾ നാം ഉണ്ടായിരുന്നെങ്കിൽ, അവർ ഏതാണ്ട് ഇരുപത് വയസ്സോളം പ്രായമുള്ളവരായി കാണാൻ കഴിഞ്ഞേനെ; എന്നാൽ അവർ ജീവിതം ആരംഭിച്ചേ ഉള്ളൂ. അങ്ങനെയാണെങ്കിലും, ദൈവം രൂപപ്പെടുത്തി അത്ഭുതകരമായി സൃഷ്ടിച്ചതായ ഭൂമി, സസ്യാദികൾക്ക് വെള്ളം, വായു, ജീവന്റെ - നിലനില്പ്പിനാവശ്യമായ മണ്ണ് എന്നിവയോടുകൂടി പൂർണ്ണമായി - വളരുവാൻ പര്യാപ്തമായിരുന്നു.

ദൈവം എല്ലാത്തിനേയും സൃഷ്ടിച്ചു എന്ന സത്യത്തിന് ശേഷം ഉള്ള സത്യത്തെക്കുറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്. അവ എന്തെല്ലാം?

*എല്ലാ യാഥാർത്ഥ്യങ്ങളുടെയും പിന്നിൽ അവനാണുള്ളത്.*

നിലനില്ക്കുന്ന എല്ലാത്തിനേയും രണ്ടായി തരം തിരിക്കാവുന്നതാണ്: ദൈവമായതും ദൈവമല്ലാത്തതും. അടിസ്ഥാനപരമായ ഏറ്റവും വലുതും ആദ്യത്തേതുമായ യാഥാർത്ഥ്യമാണ് ദൈവം. മറ്റെല്ലാം അവൻ സൃഷ്ടിച്ചത് അവന്റെ അധികാരത്താൽ അനുവദിച്ചതോ ആണ്. ആകയാൽ, അവ ദൈവമല്ല.

*അവൻ നിത്യനാണ്.*

> കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു, പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയേയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു (സങ്കീർത്തനങ്ങൾ 90:2).

> നീയോ അനന്യനാകുന്നു; നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല (സങ്കീർത്തനങ്ങൾ 102:27).

ദൈവം ആരംഭവും അവസാനവുമില്ലാത്തവനാകുന്നു.

അവൻ കാലത്തിന് മുമ്പേ ഉണ്ടായിരുന്നു കാലത്തെ ഉണ്ടാക്കുകയും നിത്യത തുടരുകയും ചെയ്യുന്നു. അവൻ നിത്യമായി നിലനില്ക്കുന്നവനും ഭൂതവും, വർത്തമാനവും, ഭാവിയും അവനിൽ ഒരു നിമിഷം പോലെയാണ്. അവൻ ഇപ്പോൾ നിത്യനായി ജീവിക്കുന്നു. അവൻ വർത്തമാനകാലം കാണുന്നതുപോലെ ഭൂതവും ഭാവിയും കാണുന്നു. അവൻ മുൻപ് എന്നേക്കുമുണ്ടായിരിക്കയും, ഭാവിയിൽ എന്നേക്കുമുണ്ടാവുകയും ചെയ്യുന്നു.

*അവൻ സർവ്വശക്തനാകുന്നു.*

> "'അയ്യോ, യഹോവയായ കർത്താവേ!, നിന്റെ മഹാശക്തി കൊണ്ടും നീട്ടിയ ഭുജം കൊണ്ടും നീ ആകാശത്തെയും ഭൂമിയേയും ഉണ്ടാക്കി; നിനക്കു അസാദ്ധ്യമായതു ഒന്നുമില്ല'" (യിരെമ്യാവ് 32:17).

> "ഞാൻ സകലജഡത്തിന്റേയും ദൈവമായ യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ല കാര്യവും ഉണ്ടോ?" (യിരെമ്യാവ് 32:27).

അവന്റെ സ്വഭാവപ്രകാരം അവന് എന്തും ചെയ്യുവാൻ കഴിയും. തീർച്ചയായും, ദുഷ്ടതയെ കണ്ടു സന്തോഷിപ്പാനും അവന് കഴിയുകയില്ല, അവനു ദോഷങ്ങളാൽ പരീഷിപ്പാനും സാദ്ധ്യമല്ല, കാരണം അവൻ നീതിമാനാകുന്നു (ഹബക്കുക് 1:13). അവന്റെ സ്വഭാവം അവനു ത്യജിക്കാവുന്നതല്ല കാരണം അവൻ സത്യസന്ധനാണ് (2 തിമൊത്തൊയൊസ് 2:13), അവനു ഭോഷ്ക്ക് പറയാവുന്നതല്ല (തിത്തൊസ് 1:2). അവന്റെ സ്വഭാവമനുസരിച്ച്, എങ്ങനെയായാലും, അവന് എന്തും ചെയ്യാൻ കഴിയും. അവന് പ്രയാസമുള്ളത് ഒന്നും ഇല്ല.

*അവൻ എല്ലാം - അറിയുന്നവനാണ്.*

> "ഞാൻ സമീപസ്ഥനായ ദൈവം മാത്രം ആകുന്നുവോ?" "ദൂരസ്ഥനായ ദൈവവും അല്ലയോ?" എന്ന യഹോവയുടെ അരുളപ്പാട്, "ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ?" എന്ന യഹോവയുടെ അരുളപ്പാട്. "ഞാൻ ആകാശവും ഭൂമിയും നിറഞ്ഞ് നില്ക്കുന്നവനല്ലയോ?" എന്ന യഹോവയുടെ അരുളപ്പാട് (യിരെമ്യാവ് 23:23, 24).

> യഹോവയുടെ കണ്ണ് എല്ലായിടവും ഉണ്ട്, ആകാത്തവരേയും നല്ലവരേയും നോക്കിക്കൊണ്ട് ഇരിക്കുന്നു (സദൃശവാക്യങ്ങൾ 15:3).

അവൻ പെട്ടെന്ന് എല്ലാം, കൃത്യമായും, പൂർണ്ണമായും അറിയുന്നു. അവന് ഒന്നും പഠിക്കേണ്ടതായില്ല, അവന് ആലോചനക്കാരന്റെയോ, ഗുരുവിന്റേയോ, ഒരു വിവരവും ആവശ്യമില്ല. അവൻ അറിയേണ്ടതെല്ലാം അറിയുന്നു.

*അവൻ എല്ലായിടവും സന്നിഹിതനാണ്.*

> നിന്റെ ആത്മാവിനെഒളിച്ച് ഞാൻ എവിടേക്ക് പോകും? തിരുസന്നിധി വിട്ട് ഞാൻ എവിടേക്ക് പോകും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെ ഉണ്ട്; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെയുണ്ട്. ഞാൻ ഉഷസ്സിൽ ചിറകുധരിച്ച്, സമുദ്രത്തിന്റെ അറ്റത്ത് ചെന്ന് പാർത്താൽ അവിടേയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലം കൈ എന്നെ പിടിക്കും. "ഇരുട്ടു എന്നെ മൂടിക്കളയട്ടേ; വെളിച്ചം എന്റെ ചുറ്റും രാത്രിയായി തീരട്ടെ" എന്ന് ഞാൻ പറഞ്ഞാൽ, ഇരുട്ടു പോലും നിനക്ക് മറവായിരിക്കയില്ല.; രാത്രി പകൽ പോലെ പ്രകാശിക്കും രാത്രിയും പകലുംനിനക്ക് ഒരുപോലെ തന്നെ (സങ്കീർത്തനങ്ങൾ 139:7–12).

> "... അവൻ നമ്മിലാർക്കും അകന്നിരിക്കുന്നവനല്ലതാനും, അവനിലല്ലോ നാം ജീവിക്കയും, ചരിക്കയും, ഇരിക്കയും ചെയ്യുന്നത്, ..." (പ്രവൃത്തി 17:27, 28).

നാം എവിടെ പോയാലും ദൈവം അവിടെയുണ്ട് നമുക്ക് അവന്റെ എല്ലാം - കാണുന്ന കണ്ണിൽനിന്ന് ഒന്നും ഒളിക്കുവാനോ ഒന്നും മറയ്ക്കുവാനോ കഴിയുകയില്ല. ദൂരത്തിനോ ഇരുട്ടിനോ അവന്റെ സാന്നിദ്ധ്യത്തിൽ നിന്ന് നമ്മെ മാറ്റാവുന്നതല്ല.

*അവൻ മാത്രം ഏക സത്യദൈവം.*

അവൻ ജീവിക്കുന്നവനും (മത്തായി 16:16), സത്യവാനും (1 തെസലൊനീക്യർ 1:9). ഒരു മകൻ തന്റെ പിതാവിനെപ്പോലെ കാണാൻ ഇടയുള്ളതുപോലെ, മനുഷ്യർ ചില രീതികളിൽ ദൈവത്തെപ്പോലെ, നമ്മുടെ സൃഷ്ടികർത്താവിനെപ്പോലെ ആണ്. മനു

ഷ്യരെപ്പോലെ, ദൈവം കാണുകയും, കേൾക്കുകയും, സംസാരിക്കുകയും, തോന്നുകയും, തീരുമാനിക്കുകയും, പ്രവൃത്തിക്കുകയും ചെയ്യുന്നു. എങ്ങനെയായാലും, ദൈവത്തെകാണാൻ സാദ്ധ്യമല്ല; ഒരേസമയത്ത് എവിടെയും സന്നിഹിതനാവാൻ കഴിയുന്ന ആത്മാവാണ് അവൻ (യോഹന്നാൻ 4:24).

അവൻ, പിന്നെ, പിതാവായ ദൈവം ആരാണ്? അവൻ നിത്യനും സകലത്തേയും സൃഷ്ടിച്ചവനും സ്വഭാവത്തിൽ നിന്നും സകല - ജ്ഞാനവും, സർവ്വശക്തിയും എല്ലായിടത്തും സന്നിഹിതനാവുന്നവനുമാണ്.

ദൈവം എല്ലാം സൃഷ്ടിച്ചതുകൊണ്ട് എല്ലാം അവനുള്ളതും, നമ്മുടെ ആരാധനയ്ക്ക് അവൻ യോഗ്യനുമാണ്. എല്ലാ ഭൗതിക വസ്തുക്കളും അവന്റേതാണ്, ഭൂമിയിലെ എല്ലാ സൃഷ്ടികളും അവന്റേതാണ്, ഭൂമിയിലെ സകലമനുഷ്യരും അവന്റേതാണ്, നാം അവനെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നത് ശരിയാണ്. നാം മറ്റൊരു ദേവനെ ഏതു തരത്തിലുള്ളവനായാലും ആദരവ് കൊടുക്കുന്നുവെങ്കിൽ, നാം ഭോഷ്ക്കിനെ സേവിക്കുകയും ആരാധിക്കുകയും ചെയ്യുന്നു.

## നമ്മുടെ ദാതാവ്

ദൈവം പ്രപഞ്ചം സൃഷ്ടിക്കുക മാത്രമല്ല, അവൻ അതിനെ ഇന്നും കരുതുന്നു. അത് വീഴാതിരിക്കുന്നതിനും, ഉടയാതിരിക്കുന്നതിനും, പ്രവർത്തനരഹിതമാവാതിരിക്കുന്നതിനും താനുദ്ദേശിച്ചതുപോലെ സൂക്ഷിക്കുന്നു (കൊലൊസ്യർ 1:16, 17).

ഈ വസ്തുത വെളിപ്പാടിനാലും കാര്യകാരണത്താലും തെളിയിക്കപ്പെട്ടിരിക്കുന്നു. ദൈവം ഭൂമിയെ സൃഷ്ടിക്കുകയും തുടർന്ന് അതിനെ കൈകാര്യം ചെയ്യുന്നുവെന്നും നമുക്ക് പറയുവാൻ കഴിയുന്നത് യുക്തിസഹജം തന്നെ. ഈ ഭൂമിയിലെ ഒന്നും തന്നെ സ്വയമായി നിലനിർത്തുന്നില്ല. അവയെ എല്ലാം ഒരു പരമോന്നതശക്തി ഒന്നിച്ച് പിടിച്ചിരിക്കുന്നു. മനുഷ്യന് പോലും തന്നത്താൻ പൂർണ്ണമായും ശ്രദ്ധിക്കാൻ കഴിയുന്നില്ല. അവന് ശ്വസിക്കുന്ന വായുവോ, ആവശ്യമുള്ള സൂര്യപ്രകാശമോ ഉണ്ടാക്കുവാൻ കഴിയുന്നില്ല. അവൻ പൂർണ്ണമായും ചലിക്കുന്ന ഭൂമിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ലോകത്തെ ഒന്നിച്ച് ദൈവം പിടിക്കുന്നു എന്ന് ദൈവവചനം വെളിപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നു. ആകാശവും ഭൂമിയും

സൃഷ്ടിച്ചപ്പോൾ, തന്റെ ലോകം തുടരുവാനായി പ്രകൃതി നിയമങ്ങളാൽ ചലിക്കുമാറാക്കി.

> "പകലും രാവും തമ്മിൽ വേർപിരിവാൻ ആകാശവിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ; അവ അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിവാനായും ഉതകട്ടെ; ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശവിതാനത്തിൽ അവ വെളിച്ചങ്ങളായിരിക്കട്ടെ" എന്നും ദൈവം കല്പിച്ചു (ഉല്പത്തി 1:14).

> "ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകലവൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു; അവ നിങ്ങൾക്കു ആഹാരമായിരിക്കട്ടെ; ഭൂമിയിലെ സകലമൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും ഭൂമിയിൽ ചരിക്കുന്ന സകല ഭൂചരജന്തുക്കൾക്കും ആഹാരമായിട്ടു പച്ചസസ്യം ഒക്കെയും ഞാൻ കൊടുത്തിരിക്കുന്നു" എന്നും ദൈവം കല്പിച്ചു (ഉല്പത്തി 1:29, 30).

പ്രകൃതിനിയമങ്ങൾ നിലനിർത്തുന്നതു കൂടാതെ, അവൻ പ്രപഞ്ചത്തെ നിലനിർത്തുകയും അതുമായി ബന്ധപ്പെട്ട എല്ലാ ശക്തികളേയും തന്റെ ദൈവിക ശ്രദ്ധയാൽ വീക്ഷിക്കുകയും ചെയ്യുന്നു.

> "നീ, നീ മാത്രം യഹോവ ആകുന്നു. നീ ആകാശത്തെയും സ്വർഗ്ഗാധി സ്വർഗ്ഗത്തെയും അവയിലെ സകലസൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും ഉണ്ടാക്കി. നീ അവയെ ഒക്കെയും രക്ഷിക്കുന്നു, ആകാശത്തിലെ സൈന്യം നിന്നെ നമസ്ക്കരിക്കുന്നു" (നെഹമ്യാവ് 9:6).

പ്രത്യേകമായി, അവൻ മനുഷ്യനേയും, മൃഗത്തേയും സൂക്ഷിക്കുന്നു: "... യഹോവയായ, നീ മനുഷ്യരേയും മൃഗങ്ങളേയും രക്ഷിക്കുന്നു" (സങ്കീർത്തനങ്ങൾ 36:6). അവൻ ഭൂമിയിലെ ജീവനുള്ളവയ്ക്കെല്ലാം ആഹാരം നല്കുന്നു: "അവൻ മൃഗങ്ങൾക്കും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും അതിന്റെ ആഹാരം കൊടുക്കുന്നു" (സങ്കീർത്തനങ്ങൾ 147:9). അവൻ ആകാശത്തിലെ പക്ഷി

കളെ കാക്കുന്നു: "ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കു ന്നതുമില്ല എങ്കിലും സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് അവയെ പുലർത്തുന്നു അവയേക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ള വരല്ലയോ?" (മത്തായി 6:26); "കാശിന്നു രണ്ടു കുരികിൽ വിൽക്കു ന്നില്ലയോ? അവയിൽ ഒന്നു പോലും നിങ്ങളുടെ പിതാവ് സമ്മതി ക്കാതെ നിലത്ത് വീഴുകയില്ല" (മത്തായി 10:29). അവൻ ലോകജന ത്തിന്റെ ദേശങ്ങളെ ഭരിക്കുന്നു: "അവൻ ജാതികളെ വർദ്ധിപ്പിക്കു കയും നശിപ്പിക്കുകയും ചെയ്യുന്നു, അവൻ ജാതികളെ ചിതറിക്കു കയും ഊട്ടുകയും ചെയ്യുന്നു" (ഇയ്യോബ് 12:23). അവൻ നീതിമാ ന്മാരെ സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു: "യഹോവ ന്യായപ്രിയനാകുന്നു, തന്റെ വിശുദ്ധന്മാരെ ഉപേക്ഷി ക്കുന്നതുമില്ല; അവർ എന്നേക്കും പ്രതിപാദിക്കപ്പെടുന്നു, ദുഷ്ട ന്മാരുടെ സന്തതിയോ ഛേദിക്കപ്പെടുന്നു, നീതിമാന്മാർ ഭൂമിയെ അവകാശമാക്കുന്നു എന്നേക്കും അതിൽ വസിക്കുന്നു" (സങ്കീർത്തനങ്ങൾ 37:38, 39); "എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു" (മത്തായി 10:30). തന്നെ അനുസരിച്ച് തന്റെ അടുക്കൽ വരുന്നവർക്ക് അവൻ നിത്യജീവൻ നല്കുന്നു: "എന്റെ ആളുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കൈയ്യിൽ നിന്ന് പിടിച്ച് പറിക്കുകയും ഇല്ല" (യോഹന്നാൻ 10:27, 28).

ലോകത്തിലെ മിക്കവാറും പട്ടണങ്ങളിൽ ആളുകൾക്ക് ഏതെ ങ്കിലും വിധത്തിലുള്ള സഞ്ചാര പഥമുണ്ടോ ഇതിന് വാഹനങ്ങൾ സൃഷ്ടിച്ച് ഉപയോഗിക്കേണ്ടതായിട്ടുണ്ട്. അത് ഓടുന്ന ക്രമത്തിൽ അല്ലെങ്കിൽ, ഓയിൽ മാറ്റിയില്ലെങ്കിൽ, കേടുവന്ന ഭാഗങ്ങൾ നന്നാ ക്കിയില്ലെങ്കിൽ ദ്രവിച്ചഭാഗങ്ങൾ മാറ്റിയില്ലെങ്കിൽ അവ വഴിയരികിൽ തള്ളപ്പെടും. എല്ലാ യന്ത്രങ്ങൾക്കും ശ്രദ്ധ ആവശ്യമാണ്. അറ്റകുറ്റം ആവശ്യമില്ലാത്ത ഒരു യന്ത്രത്തെക്കുറിച്ചും നമുക്കറിഞ്ഞുകൂടാ. ഒരു വലിയ യന്ത്രത്തെപ്പോലെയാണ് ഭൂമി. അതിനെ ശ്രദ്ധിച്ച് അതിനു വേണ്ടത് നല്കി അതിനെ വെച്ചിരിക്കുന്നത് ദൈവമാണെന്ന് ബൈബിൾ പറയുന്നു (എബ്രായർ 1:3).

നമുക്ക് വേണ്ടി നല്കുകയും, നമ്മെ കാക്കുകയും ചെയ്യുന്ന നാം എത്ര നന്ദിയുള്ളവരായിരിക്കും! ദൈവത്തിന്റെ കരുണ മനു

ഷ്യനന്മയ്ക്കാണെന്ന കാര്യത്തിൽ ആരും സംശയിക്കയില്ല (പ്രവൃത്തികൾ 14:17), ദുഷ്ടന്മേൽ സൂര്യനുദിക്കുവാനും നന്മ പകരുവാനും കാരണം ദൈവമാണ് (മത്തായി 5:45). വിശ്വസ്തമായി നടക്കുന്നവരിൽ നിന്നും അവനെ സേവിക്കുന്നതിൽ നിന്നും ഒരു നന്മയും പിടിച്ചുവെയ്ക്കുകയില്ല എന്ന് തെളിയിക്കപ്പെട്ടിരിക്കയാണ് (സങ്കീർത്തനങ്ങൾ 84:11; റോമർ 8:28).

## നമ്മുടെ വീണ്ടെടുപ്പുകാരൻ

ദൈവം നമ്മുടെ രക്ഷകനും, വീണ്ടെടുപ്പുകാരനുമാണ്. അവൻ നമ്മെ സ്നേഹിക്കുകയും പാപത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നു. നിത്യജീവന്റെ ഏക പ്രത്യാശ അവനിൽ മാത്രമാണ്.

അവന് നമ്മോടുള്ള സ്നേഹം വിശദീകരിക്കാൻ പ്രയാസമാണ്. നമുക്ക് അറിയാവുന്ന ഏറ്റവും വലിയ മാനുഷിക സ്നേഹത്തേക്കാൾ വലുതാണ്. ഓരോരുത്തരും പാപം തിരഞ്ഞെടുത്ത ദൈവത്തിൽ നിന്ന് അകന്നുപോയെങ്കിലും, അവൻ അവരെ തിരഞ്ഞുരക്ഷിക്കുന്നു. അവൻ ക്രിസ്തുവിനെ ലോകത്തിലേയ്ക്ക് അയച്ച് രക്ഷയ്ക്കുള്ള അന്തിമ യാഗമാക്കി അവൻ മുഖാന്തിരം നമ്മെ രക്ഷിക്കുന്നു.

ദൈവം, പൂർണ്ണമായും നീതിമാനാകയാൽ, പാപത്തെ അവന് കാണാതിരിപ്പാൻ സാദ്ധ്യമല്ല. നിത്യമരണം അനുഭവിക്കേണ്ട പാപത്തിന്റെ മറുവിലകൊടുപ്പാൻ നമുക്ക് കഴിഞ്ഞില്ല. നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റുവാങ്ങുവാൻ യേശുവിനെ ദൈവം ക്രൂശിലേയ്ക്കയച്ചു. ആരെങ്കിലും അവനെ കൈക്കൊണ്ട് അവന്റെ രക്ഷാസന്ദേശം അനുസരിക്കുന്നുവെങ്കിൽ യേശുവിന്റെ മരണത്തിന്റെ ആനുകൂല്യമവർക്കു ലഭിക്കും. അതുകൊണ്ട് ബൈബിൾ വിവരിക്കുന്നത് ദൈവം നമ്മുടെ രക്ഷകനും (തിത്തൊസ് 1:3), യേശു നമ്മുടെ രക്ഷകനായും വിവരിക്കുന്നു (തിത്തൊസ് 2:11). ഈ ലോകത്തിന് അടിസ്ഥാനമിടുന്നതിന് മുൻപ് തന്നെ ദൈവം നമ്മെ വീണ്ടെടുക്കുന്ന പദ്ധതി തയ്യാറാക്കി (1 പത്രോസ് 1:20). ഇപ്പോൾ എല്ലാ മനുഷ്യരും അവന്റെ സന്ദേശം കേട്ട്, മാനസാന്തരപ്പെട്ട് (അവരുടെ മനസ്സും ജീവിതവും മാറ്റി) അവന്റെ രക്ഷ സ്വീകരിക്കണം (2 പത്രോസ് 3:9).

ഒരു കുട്ടിയെ ചീത്ത വിളിക്കുന്ന പിതാവിനെ വിചാരിക്കുക. അവന്റെ അപ്പൻ അവനോട് സംസാരിക്കുന്നതെല്ലാം ശകാരമായിരുന്നു . ആ കുട്ടി എപ്പോഴെല്ലാം തെറ്റുകൾ ചെയ്യുന്നവോ, അവന്റെ

അപ്പൻ അവനെ അടിക്കുമായിരുന്നു. ഈ ബന്ധത്തിൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ കുട്ടി വളർന്ന് അപ്പനെക്കുറിച്ച് സ്നേഹമില്ലാത്ത ഒരു കഠിന ന്യായാധിപനായിട്ടാണ് കണ്ടത്. അവൻ പിന്നെ അപ്പന്റെ അടുത്ത് ഇരിക്കുവാൻ പോലും ഇഷ്ടപ്പെട്ടില്ല. എപ്പോഴെങ്കിലും "അപ്പൻ," എന്ന വാക്കു കേൾക്കുമ്പോൾ അവന്റെ മനസിലേക്ക് അടിയും പിടിയുമാണ് ഓർമ്മവരുന്നത്. ഈ നിർഭാഗ്യവാനായ കുട്ടി മനോഹരമായ അർത്ഥമുള്ള വാക്കായ "അപ്പൻ" എന്നത് കാണാൻ പോലും താല്പര്യപ്പെട്ടില്ല.

അതുപോലെയുള്ള തോന്നലാണ് ചിലർക്ക് "ദൈവം" എന്ന വാക്ക്. അവരുടെ ജീവിതത്തിൽ കേൾക്കുവാൻ കഴിഞ്ഞിട്ടുള്ളത് ദൈവം തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കുകയും നരകത്തിൽ തള്ളുകയും ചെയ്യും എന്നാണ്. ദൈവത്തെ പിതാവായിട്ടാണ് യേശു പഠിപ്പിച്ചത്. നാം പ്രാർത്ഥിക്കുമ്പോൾ അവനെ "പിതാവ്" എന്ന് സംബോധന ചെയ്യുവാനാണ് അവൻ പറഞ്ഞത് (മത്തായി 6:9). ത്യാഗത്തോടുകൂടിയാണ് ദൈവം നമ്മെ സ്നേഹിക്കുന്നത് എന്ന് അവൻ പറഞ്ഞു (യോഹന്നാൻ 3:16). അവന് നമ്മോടുള്ള സ്നേഹത്തേക്കാൾ വലുതായ സ്നേഹം നമുക്ക് ഊഹിക്കാൻ കഴിയുകയില്ല. നാം അവനെ അനുസരിക്കുമ്പോൾ അവൻ നമ്മിൽ വസിച്ച് നമ്മുടെ കൂട്ടായ്മ പുലർത്തുവാൻ ആഗ്രഹിക്കുന്നു (യോഹന്നാൻ 14:23). നാം അവനിൽ നിന്ന് അകന്നുപോയാൽ സ്നേഹിക്കുന്ന, പാപമോചനത്തോടെ മാനസാന്തരപ്പെട്ട് മടങ്ങിച്ചെന്നാൽ അവൻ സ്വീകരിക്കുന്നു (ലൂക്കോസ് 15:19-32).

ഒരു മനുഷ്യന് ചെയ്യാവുന്നതിലധികമായി നമുക്ക് ഓരോരുത്തർക്കും ദൈവം ചെയ്തിരിക്കയാണ്. തന്റെ ആ വലിയ സ്നേഹത്തോട് നാം എങ്ങനെ പ്രതികരിക്കും? തിരിച്ച് നാം അവനെ സ്നേഹിക്കണം അവന്റെ വചനം അനുസരിച്ച് നാം സ്നേഹം പ്രകടമാക്കുകയും അവൻ ഏക സത്യദൈവമാകയാൽ അവനെ ആരാധിക്കുകയും ചെയ്യണം. നാം അവന്റെ മുമ്പിൽ ബഹുമാനത്തോടും ആദരവോടും കൂടെ നടക്കണം.

### നമ്മുടെ ന്യായാധിപൻ

അവൻ സ്നേഹമുള്ള മഹത്വപിതാവാകയാൽ, ദൈവം ന്യായാധിപൻ കൂടെയാണ്. കാലാവസാനത്തിൽ നാം അവന് കണക്കു കൊടുക്കേണ്ടതാണ്.

നമ്മെ സൃഷ്ടിച്ചവന് നാം ഓരോരുത്തരും കണക്ക് കൊടു

ക്കേണം എന്ന് വിശ്വസിക്കുന്നത് നിത്യസഹജം മാത്രമാണ് - ആ വിവേചനാ സൂചന, ബൈബിൾ പ്രഖ്യാപിക്കുന്നത് സത്യമാണെന്ന് വരുന്നു (വെളിപ്പാട് 20:12). ദൈവം എങ്ങനെ നമ്മെ ന്യായം വിധിക്കും? അവന്റെ ന്യായവിധി വ്യക്തിപരമാണ്, ഓരോരുത്തരും വ്യക്തിപരമായി അവന് കണക്ക് കൊടുക്കണം (റോമർ 14:12). അവന്റെ ന്യായവിധി പ്രത്യേകതയുള്ളതും, സ്ത്രീയും പുരുഷനും ഒരുപോലെ ചെയ്തിട്ടുള്ളവയ്ക്കും (2 കൊരിന്ത്യർ 5:10). ഉത്തരവാദിത്വമുള്ളവരും ആണ് (മത്തായി 12:36, 37). അവന്റെ ന്യായവിധി സാർവ്വലൗകീകവും, എല്ലാ ദേശത്തേയും അവന്റെ മുമ്പിൽ ഒരുമിച്ച് കൂട്ടിവരുത്തിയും ആയിരിക്കും (മത്തായി 25:32).

ക്രിസ്തുമുഖാന്തിരമാണ് ദൈവം നമ്മെ ന്യായം വിധിക്കുന്നത്. നീതിയോടെയും അവന്റെ നിലവാരപ്രകാരവും (പ്രവൃത്തികൾ 17:30, 31), അവന്റെ ന്യായവിധി അന്തിമവും നിത്യവുമായിരിക്കും (മത്തായി 25:46). തന്റെ അന്തിമ തീർപ്പിന് ഒരു ഹർജ്ജിയും പീന്നീട് സ്വീകാര്യമല്ല.

രണ്ട് വാഹനങ്ങൾ തമ്മിൽ കൂട്ടി ഇടിച്ച് അബോധാവസ്ഥയിൽ പെട്ട ഒരു യുവാവിന്റെ സംഭവം പറയുകയുണ്ടായി. ആ അപകടം കണ്ട ഒരാൾ വാഹനം കത്തുന്നതിന് മുൻപ് ആ കുട്ടിയെ കാറിൽ നിന്ന് വലിച്ചെടുത്ത് രക്ഷിച്ചു. ആ കുട്ടി വെന്ത് മരിക്കുമായിരുന്നു.

ഈ മോചനത്തിന് ശേഷം ആ കുട്ടി കണ്ണുതുറന്ന് തന്നെ രക്ഷിച്ച് ജീവൻ തിരിച്ച് നൽകിയ ആ മനുഷ്യന്റെ മുഖത്തേയ്ക്ക് നോക്കി അയാളുടെ മുഖം ആ കുട്ടി ഒരിക്കലും മറക്കുകയില്ല. ആ അപകടത്തിൽ നിന്ന് തരണം ചെയ്ത കുട്ടി വർഷങ്ങൾക്ക് ശേഷം പ്രായമായപ്പോൾ ഒരു വലിയ കുഴപ്പം നേരിട്ടു. നിയമം ലംഘിച്ച് തന്റെ കുറ്റത്തിന് അവൻ തടവിലാക്കപ്പെട്ടു. അവനെ കുറ്റ വിചാരണയ്ക്കായി ന്യായാധിപന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ, അവൻ അതിശയിച്ചു; വർഷങ്ങൾക്ക് മുൻപ് അപകടത്തിൽ പെട്ട തന്നെ രക്ഷിച്ച മനുഷ്യനായിരുന്നു ആ ന്യായാധിപനെന്ന് അവൻ തിരിച്ചറിഞ്ഞു. മടികൂടാതെ അവൻ പ്രതിവചിച്ചു, "യുവർ ഓണർ, താങ്കൾക്ക് എന്നെ ഓർമ്മയുണ്ടോ? ഇടിയേറ്റ വാഹനത്തിൽ നിന്ന് പണ്ട് നിങ്ങൾ എന്നെ രക്ഷിച്ചതാണ്." ന്യായാധിപൻ ചിന്തിച്ചുകൊണ്ട് പറഞ്ഞു, "ഉവ്വ്, ഞാൻ ഓർക്കുന്നു. ഞാൻ രക്ഷിച്ച മനുഷ്യൻ നന്നായി കാണുവാൻ ഞാൻ ആഗ്രഹിച്ചുനിങ്ങളുടെ ജീവിതം തുടരുവാൻ നിങ്ങളെ രക്ഷിച്ചതിൽ ഞാൻ സന്തോഷിച്ചു. എങ്ങനെയായാലും ഈ വസ്തുതയെ നിങ്ങൾ കാണണം: വർഷങ്ങൾക്ക്

മുൻപ്, നിങ്ങളെ ഞാൻ വാഹനത്തിൽ നിന്ന് വലിച്ചെടുത്തപ്പോൾ ഞാൻ നിങ്ങളുടെ 'രക്ഷകൻ' ആയിരുന്നു; എന്നാൽ ഇപ്പോൾ ഞാൻ നിങ്ങളുടെ 'ന്യായാധിപൻ.'"

ദൈവത്തെ രക്ഷകനായും ന്യായാധിപനായും ബൈബിൾ വിവരിക്കുന്നു. അവൻ തന്റെ പുത്രനെ പാപത്തിൽ നിന്ന് നമ്മെ വിടുവിക്കുവാൻ അയച്ചു. നമ്മെ രക്ഷിക്കുവാൻ അവൻ ഏറ്റവും ഉയർന്ന യാഗവും വെച്ചു. നാം ശ്രദ്ധിച്ചില്ലെങ്കിൽ എന്തു സംഭവിക്കും, അവന്റെ രക്ഷയെ നാം ത്യജിച്ചു കളഞ്ഞാലോ? പിന്നെ അവന് നമ്മെ ശിക്ഷിക്കുകയേ നിർവ്വാഹമുള്ളൂ കാരണം അവൻ നമ്മുടെ നിത്യ നായാധിപനാണ്.

നമ്മുടെ ജീവിതത്തിൽ നമുക്ക് മുഖ്യമായൊരു കടമയുണ്ട്. ദൈവം ആരെന്നു കണ്ടാൽ തന്റെ ഇഷ്ടം അനുസരിച്ച് നാം അവന്റെ മുമ്പിൽ കീഴ്പ്പെടണം അവൻ ജീവനുള്ള സത്യദൈവമാകയാൽ അവനെ നാം ആരാധിക്കണം. ആ പ്രതികരണത്തിൽ ദൈവവചനം തുറന്നു ശ്രദ്ധയോടെ വായിക്കലും ഉൾപ്പെടുന്നു. അവൻ നമ്മുടെ നിത്യ ന്യായാധിപൻ മാത്രമല്ല, സ്നേഹമുള്ള രക്ഷകൻ കൂടെയാണ്.

**ഉപസംഹാരം**

ദൈവത്തെക്കുറിച്ചുള്ള ഈ വസ്തുതകളുടെ വെളിച്ചത്തിൽ, അവനെക്കുറിച്ച് അഭിപ്രായമില്ലാത്തവരെല്ലാം ആണ്. അവനെ സംബന്ധിച്ച് നാം ഒരു തീരുമാനം എടുക്കണം. വിവേചനാപൂർണ്ണമുള്ള പ്രതികരണം എന്തെന്നാൽ അവൻ ജീവനുള്ള സത്യദൈവം ആണെന്നു സമ്മതിക്കയും വിശ്വാസത്തോടും അനുസരണത്തോടും കൂടെ അവനെ സേവിക്കുകയും വേണം.

ഒരു സ്കൂൾ അധ്യാപിക തന്റെ ക്ലാസ്സിൽ പറഞ്ഞു, "രണ്ട് രസതന്ത്രജ്ഞന്മാരായ സ്വീഡൻകാരനായ കാൾസ്കീലേയും ഇംഗ്ലണ്ട് കാരനായ പ്രീസ്റ്റ്ലേയും 1775-ൽ ഓക്സിജൻ കണ്ടുപിടിച്ചു." ഉടനെ ഒരു ചെറിയ പെൺകുട്ടി കൈയ്യുയർത്തി എഴുന്നേറ്റ് പറഞ്ഞു, "അവർ ഓക്സിജൻ കണ്ടുപിടിക്കുന്നതിന് മുൻപ് നാം എന്താണ് ശ്വസിച്ചിരുന്നത്?" തീർച്ചയായും അധ്യാപിക ഓക്സിജൻ എല്ലായിപ്പോഴും നമ്മുടെ അന്തരീക്ഷത്തിൽ ഉണ്ടായിരുന്നു എന്നും, പറയേണ്ടിയിരുന്നു. എന്നാൽ ഈ ശാസ്ത്രജ്ഞന്മാർ അത് കണ്ടുപിടിച്ച് പേരിടുന്നതിന് മുൻപ് അതിന്റെ പേർ നമുക്ക് അറിഞ്ഞുകൂടായിരുന്നു.

രണ്ടുവിധത്തിലുള്ള യാഥാർത്ഥ്യങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ് നമ്മുടെ ലോകം: അവ നമ്മുടെ കണ്ണിന് കാണാവുന്നതും ഭൗതിക കൈകളാൽ സ്പർശിക്കാവുന്നതും, നമുക്ക് കാണുവാനും സ്പർശിക്കുവാനും കഴിയാത്ത സത്യവും ആണ്. ആദ്യം പറഞ്ഞ യാഥാർത്ഥ്യങ്ങൾ നമുക്ക് മുൻപിൽ തെളിവുള്ളതാണ്, വാസ്തവത്തിലുള്ള വസ്തുക്കളെ നാം തുടർച്ചയായി പ്രവൃത്തിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ യാഥാർത്ഥ്യങ്ങൾ നമുക്ക് അത്ര വ്യക്തമല്ല. നമുക്ക് അവയെക്കുറിച്ച് കുറച്ച് മാത്രമേ അറിയൂ. അവ അവിടെ ഉണ്ടെന്ന് നമുക്കറിയാം, എന്നാൽ അവ നമ്മുടെ ചിന്തയുടെ പശ്ചാത്തലത്തിൽ എവിടെയോ ആണ്. നമ്മുടെ മനസ്സിൽ അന്തരീഷത്തിലെ അഞ്ചിൽ - ഒരു ഭാഗം വായു ഓക്സിജനായി കണക്കാക്കുന്നതാണ് നാം ശ്വസിക്കുന്നത്. എന്നാൽ നാം അതിനെക്കുറിച്ച് ചിന്തിക്കുകയില്ല - ശ്വസിക്കമൊത്രം ചെയ്യുന്നു. ഒരു പെൻസിലിനെ നമുക്ക് ശരിക്കറിയാം - അത് കാണുന്ന യാഥാർത്ഥ്യമാണ് അത് എടുത്ത് നമുക്ക് എഴുതാനും കഴിയും - പക്ഷേ വായു അങ്ങനെ അല്ല, അത് അദൃശ്യയാഥാർത്ഥ്യങ്ങളിൽ ഒന്നാണ്.

പോയിന്റ് ഇതാണ്: ചില യാഥാർത്ഥ്യങ്ങൾ നാം കാണുന്നില്ലെങ്കിലും അത് അവിടെ വാസ്തവത്തിൽ ഇല്ല എന്ന് പറയാൻ സാധ്യമല്ല. നാം കാണുന്ന വസ്തുക്കളെപ്പോലെ തന്നെ അവ യഥാർത്ഥമാണ്, നമുക്ക് കാണുവാനോ സ്പർശിക്കുവാനോ സാദ്ധ്യമല്ല എന്നുമാത്രം.

ഏറ്റവും വലിയ യാഥാർത്ഥ്യമാണ് നമുക്ക് ദൈവത്തെ കാണാൻ കഴിയില്ല എന്നത്. നമുക്ക് അവനെ നമ്മുടെ ഭൗതിക ശരീരം കൊണ്ട് സ്പർശിക്കാൻ സാധ്യമല്ല, അവനെ ടെസ്റ്റ്യൂബിലിട്ട് പരീക്ഷിച്ച് അപഗ്രഥിക്കുവാനോ, നമ്മുടെ ഭൗതിക കണ്ണുകൾ കൊണ്ട് കാണുവാനോ സാധ്യമല്ല; എങ്കിലും അവൻ പരമോന്നതനായ യാഥാർത്ഥ്യമാണ്. കാണുന്നതോ കാണാത്തതോ ആയ എല്ലാ യാഥാർത്ഥ്യങ്ങളുടേയും അടിസ്ഥാനമാണ് അവൻ.

സത്യദൈവത്തെക്കുറിച്ച് ഒരു മിഷ്നറി ആളുകളോട് പറയുകയായിരുന്നു ദൈവത്തിന്റെ അത്ഭുതശക്തിയെ, സ്നേഹത്തെ അവന്റെ ജ്ഞാനത്തെ എല്ലാം വിവരിച്ചു. ഇത് കേട്ട പ്രായമുള്ള ഒരാൾ അതീവ താല്പര്യം ജനിപ്പിച്ചു. കുറച്ച് നിമിഷശേഷം ആ പ്രായമുള്ള മനുഷ്യൻ എഴുന്നേറ്റ് പറഞ്ഞു, “ഞാൻ ദൈവമുണ്ടെന്ന് അറിഞ്ഞിരുന്നെങ്കിലും, ഇപ്പോൾ വരെ അവന്റെ പേർ ഞാൻ

അറിഞ്ഞിട്ടില്ലായിരുന്നു!"

ദൈവം നമ്മുടെ സൃഷ്ടികർത്താവാണ്, ദാതാവാണ്, വീണ്ടെടുപ്പുകാരനും, ന്യായാധിപനുമാണ്. ദൈവം ഉണ്ടെന്നത് ആരെങ്കിലും നിഷേധിക്കുകയോ അവനെ അനുസരിച്ച് സേവിക്കുവാൻ തുനിയാതിരിക്കുകയോ ചെയ്താൽ അതാണ് ഈ ലോകത്തിലെ അവന്റെ ഏറ്റവും വലിയ തെറ്റ്. ആ വ്യക്തി അയാളുടെ സൃഷ്ടികർത്താവിനെ ത്യജിക്കുമ്പോൾ, മനുഷ്യന്റെ നിലനില്പ് എന്ന സത്യത്തേയും പ്രപഞ്ചത്തിന്റെ നിലനില്പിനെത്തന്നേയും നിഷേധിക്കുകയാണ്. ഈ തെറ്റ് ചെയ്യാതിരിക്കുക! ജീവനുള്ള സത്യദൈവത്തെ നാം ആരാധിക്കുക; താഴ്മയോടെയും അനുസരണത്തോടെയും അവന്റെ മുമ്പിൽ കുമ്പിടുക.

തന്റെ ഭവനത്തിലേക്ക് വരുവാൻ ദൈവം നിങ്ങളെ സ്നേഹത്തോടെ ക്ഷണിക്കുന്നു. നിങ്ങൾ അവനോടുകൂടെ ഈ ലോകജീവിതത്തിൽ കൂട്ടായ്മയോടെ നടക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. നിത്യതയിൽ നിങ്ങൾ അവനോടുകൂടെ, നിത്യനഗരമായ സ്വർഗ്ഗത്തിൽ വസിപ്പാൻ അവൻ ആഗ്രഹിക്കുന്നു.

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. "ദൈവം" എന്ന വാക്ക് ശരിക്കും ഒരാൾക്ക് മാത്രം ഉള്ളത്. എന്തുകൊണ്ട്?
2. "ദൈവികത്വത്തെ" പറയുന്ന പഴയനിയമ ഉദ്ധരിണികൾ എഴുതുക?
3. യേശുവിന്റെ സ്നാനം, മനുഷ്യന്റെ വീണ്ടെടുപ്പ്, പ്രാർത്ഥന, മഹത്തായ ആജ്ഞയിലെ സ്നാനം എന്നിവ ദൈവം ഏകനെങ്കിലും മൂന്ന് എന്ന ആശയം എങ്ങനെ പിൻതാങ്ങുന്നു?
4. മനുഷ്യന് ദൈവത്തോട് അടുത്ത് വരുവാനുള്ള ഏക വഴി എന്ത്?
5. ദൈവത്തോട് ദൂതന്മാർ, വിശുദ്ധന്മാർ, ജീവനുള്ളതോ മരിച്ചതോ ആയ മറ്റ് ആളുകളോ മുഖാന്തരം അടുക്കാവുന്നതല്ല എന്ന് ഏത് വാക്യങ്ങളാണ് പഠിപ്പിക്കുന്നത്?
6. യേശുവിന് എങ്ങനെ "മനുഷ്യപുത്രനും" "ദൈവപുത്രനും" ആയിരിക്കാൻ കഴിയും?
7. ദൈവികത്വത്തിലെ തത്വങ്ങളെക്കുറിച്ച് അധികമൊന്നും നമുക്ക് അറിഞ്ഞുകൂടാ എങ്കിലും നമുക്ക് അറിയാൻ കഴിയുന്ന പലതുണ്ട് ബൈബിളിൾ പഠിപ്പിച്ച വസ്തുതകൾ എന്തെല്ലാം?
8. ദൈവം എല്ലാം സൃഷ്ടിച്ചു എന്ന സത്യത്തിൽ നിന്ന് എന്തെല്ലാം സത്യ

മാണ് ഒഴുകിവരുന്നത്?

9. ദൈവം ഈ ലോകത്തിൽ തുടർന്നും പ്രവർത്തിക്കുന്നു എന്നുള്ളതിന് എന്ത് തെളിവാണ് നമുക്കുള്ളത്?
10. ദൈവം നമ്മെ എങ്ങനെ ന്യായം വിധിക്കുന്നു?

## വാക്ക് സഹായങ്ങൾ

**അപ്പൊസ്തലന്മാർ** – യേശു തിരഞ്ഞെടുത്ത പ്രത്യേക സന്ദേശവാഹകരായിരുന്നു പന്ത്രണ്ടു പുരുഷന്മാർ (മത്തായി 10:2–4) യൂദാ മരിച്ചശേഷം, മത്ഥിയാസിനെ ഒരു അപ്പൊസ്തലൻ ആക്കി (പ്രവൃത്തികൾ 1:23, 26). പിന്നീട്, അവരുടെ സംഖ്യയോട് പൌലോസും ചേർക്കപ്പെട്ടു (പ്രവൃത്തികൾ 9:15, 16; 1 തിമൊഥെയൊസ് 2:7). യേശു പഠിപ്പിച്ച ദൈവശ്വാസീയ ഉപദേശങ്ങൾ അപ്പൊസ്തലന്മാർ പ്രസംഗിക്കുകയും അത് അനുസരിക്കുകയും ചെയ്യേണ്ടിയിരുന്നു (മത്തായി 16:19).

**സ്നാനം** – ഗ്രീക്ക് വാക്കിൽ നിന്നുള്ള അർത്ഥം "വെള്ളത്തിൽ അടക്കം" ദൈവം അധികാരപ്പെടുത്തിയ സ്നാനം പാപങ്ങളുടെ മോചനത്തിനാണ്. (മത്തായി 28:19, 20; റോമർ 6:1–4; പ്രവൃത്തികൾ 2:38; 8:36.)

**ക്രിസ്ത്യാനി** – ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ച ഒരാൾ.

**ഏറ്റുപറച്ചിൽ** – ഒരാൾ കർത്താവും രക്ഷിതാവുമായി യേശുവിനെ സ്വീകരി ക്കുകയും യേശുക്രിസ്തു ദൈവപുത്രനെന്നുള്ള വിശ്വാസം പറയുകയും ചെയ്യുന്നതാണ് (പ്രവൃത്തി 8:37; റോമർ 10:10; 1 തിമൊഥെയൊസ് 6:12).

**ശിഷ്യൻ** – പഠിക്കുന്നവൻ അല്ലെങ്കിൽ പിൻഗമിക്കുന്നവൻ. പ്രവൃത്തി 11:26–ൽ യേശുവിന്റെ ശിഷ്യന്മാരെ ആദ്യം ക്രിസ്ത്യാനികൾ എന്നു വിളിച്ചു.

**സുവിശേഷവിവരണങ്ങൾ** – പുതിയനിയമത്തിലെ ആദ്യത്തെ നാലുപുസ്തകങ്ങൾ (മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ), യേശുവിന്റെ ജീവിതം, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവ വിവരിക്കുന്നു.

**മഹത്തായ ആജ്ഞ** – ശിഷ്യന്മാർക്കുള്ള യേശുവിന്റെ കല്പന സകല വ്യക്തികളോടും പോയി സുവിശേഷം പ്രസംഗിക്ക എന്നായിരുന്നു (മത്തായി 28:18–20; മർക്കൊസ് 16:15, 16).

**മദ്ധ്യസ്ഥൻ** – ഒരു പ്രശ്നം പരിഹരിക്കുവാൻ "ഇടയിൽ നിൽക്കുന്നവൻ." ദൈവപുത്രനായ, യേശു, ദൈവത്തിനും മനുഷ്യനും ഇടയി ലുള്ള മദ്ധ്യസ്ഥൻ ആകുന്നു. പാപമെന്ന പ്രശ്നം അവൻ പരിഹരിക്കുന്നു.

**നല്കൽ** – മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ കരുതലും നല്കലും. (പുതിയനിയമത്തിൽ "പ്രോവിഡെൻസ്" എന്ന് നൽകിയിട്ടില്ല. ഇത് ഒരു

ബൈബിൾ സംബന്ധമായ റോമർ 8:28 ലേതുപോലെയുള്ള ഉപദേശമാണ്.)

**വീണ്ടെടുക്കുന്നവൻ** – “തിരിച്ചുവാങ്ങുന്നവൻ.” തന്റെ മരണത്താൽ പാപത്തിൽ നഷ്ടപ്പെട്ട ആത്മാക്കൾക്കുവേണ്ടി, മറുവില കൊടുത്ത്, യേശു വാങ്ങി.

**വീണ്ടെടുപ്പ്** – ദൈവത്തിൽ നിന്ന് അകന്നുപോയവരെ “മടക്കി വാങ്ങൽ.” ക്രിസ്ത്യാനികളെ പലപ്പോഴും “വീണ്ടെടുക്കപ്പെട്ടവർ” എന്ന് വിളിച്ചിട്ടുണ്ട്.

**മാനസാന്തരം** – ഒരാളുടെ ചിന്താവഴി മാറുകയും അങ്ങനെ അയാളുടെ ജീവിത വഴി മാറുകയും ചെയ്യുന്നു.

**വിശുദ്ധൻ** – പുതിയനിയമക്രിസ്ത്യാനി.

**രക്ഷ** – പാപത്തിൽ നിന്നുള്ള വിടുവിപ്പ്; രക്ഷ യേശുക്രിസ്തു മുഖാന്തരം മാത്രം ലഭിക്കുന്നു.

**രക്ഷകൻ** – അപകടകരമായ മരണത്തിൽ നിന്ന് രക്ഷിക്കുന്നവൻ. നമ്മുടെ രക്ഷകനായ, യേശു, പാപത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും നമ്മെ രക്ഷിക്കുന്നു.

---

കുറിപ്പുകൾ

[1]“ദൈവികത്വം” എന്നതിന്റെ തർജ്ജിമ ചെയ്യാവുന്ന മൂന്ന് ഗ്രീക്ക് വാക്കുകൾ തിരുവെഴുത്തിൽ ഓരോ പ്രാവശ്യം ഓരോന്ന് പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 17:29; റോമർ 1:20; കൊലൊസ്യർ 2:9; ഗഖഢ). [2]ഉല്പത്തി 3:22; 11:7; യെശയ്യാവ് 6:8എന്നീ വാക്യങ്ങളിൽ മറ്റ് മൂന്ന് ഉദാഹരണങ്ങൾ കാണാം.